സിനിമാപുസ്തകം, സിനിമാ ലേഖനം എന്നീ ഇനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

ടെലിവിഷൻ അവാർഡുകൾ :

ഏറ്റവും നല്ല ടെലി സീരിയൽ (നിർമ്മാതാവ്, സംവിധായകൻ), രണ്ടാമത്തെ ടെലി സീരിയൽ (നിർമ്മാതാവ്, സംവിധായകൻ), ടെലി ഫിലിം (നിർമ്മാതാവ്, സംവിധായകൻ), നടൻ, നടി, സഹനടൻ, സഹനടി, ബാലതാരം, കഥാകൃത്ത്, തിരക്കഥാകൃത്ത്, ഛായാഗ്രാഹകൻ, ചിത്രസംയോജകൻ, കലാസംവിധായകൻ, സംഗീതസംവിധായകൻ, ശബ്ദലേഖകൻ, കഥേതരചിത്രം (നിർമ്മാതാവ്, സംവിധായകൻ), കുട്ടികൾക്കുള്ള പരിപാടി (നിർമ്മാതാവ്, സംവിധായകൻ), അവതാരക, വാർത്താവായന, കമന്റേറ്റർ, സമകാലീന സാമൂഹ്യ പ്രശ്നാധിഷ്ഠിത പരിപാടി (നിർമ്മാതാവ്, സംവിധായകൻ), ടെലിവിഷൻ രചന എന്നീ ഇനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

(ഡി) 1992 മുതൽ.

(ഇ) ഇത് സംബന്ധിച്ച് നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

കാഞ്ഞൂരിലെ പുതിയേടത്ത് ശക്തൻ തമ്പുരാൻ സ്മാരകം

159 [3860] *ശ്രീ. പി. ജെ. ജോയി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തൻ തമ്പുരാന്റെ ജന്മസ്ഥലമായ കാഞ്ഞൂരിലെ പുതിയേടത്ത് ഒരു സ്മാരകം പണിയുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) സ്മാരകം നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(സി) ഇതുസംബന്ധമായി ലഭിച്ച ഒരു നിവേദനം പുരാവസ്തു വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിനയച്ചു കൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly